[redacted]

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2983

20.06.2014 ൽ മറുപടി
നൽകേണ്ടിയിരുന്നത്

| | ചോദ്യം. | | ഉത്തരം. |
|---|---|---|---|
| ശ്രീമതി കെ. എസ്. സലീഖ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിൽ നാളിതു വരെ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | എ) | സംസ്ഥാനത്ത്, 13.06.2014 വരെ, 2866800 കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | 2013-14 സാമ്പത്തിക വർഷം എത്ര കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകാൻ സാധിച്ചു; | ബി) | തൊഴിലുറപ്പ് പദ്ധതിയിൽ, 2013-14 സാമ്പത്തിക വർഷം, 406423 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകിയിട്ടുണ്ട്. |
| (സി) | 2013-14 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്ക് നൽകിയ കേന്ദ്രധന സഹായം എത്ര; എന്തു തുക സംസ്ഥാന വിഹിതമായി നൽകി; വ്യക്തമാക്കുമോ; | സി | 2013-14 സാമ്പത്തിക വർഷം, തൊഴിലുറപ്പ് പദ്ധതിയിൽ, 127710.93 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമായി 1512.80 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. |
| (ഡി) | 2013-14 സാമ്പത്തിക വർഷത്തിൽ തൊഴിലെടുത്ത എല്ലാ തൊഴിലാളികൾക്കും കൂലി നൽകാൻ സാധിച്ചുവോ; ഇല്ലെങ്കിൽ എത്ര തൊഴിലാളികൾക്ക് കുടിശ്ശികയിനത്തിൽ കൂലി നൽകാനുണ്ട്; ആയതിന് എന്തു തുക വേണ്ടി വരും; വ്യക്തമാക്കുമോ; | ഡി) | കേരള സർക്കാർ, പദ്ധതിയുടെ 2013-14 ഫെബ്രുവരി മാസം വരെയുള്ള കാലയളവിലെ വേതനം പൂർണ്ണമായും, 2014 മാർച്ച് മാസത്തിലെ വേതനം ഭാഗികമായും തീർപ്പാക്കിയിട്ടുണ്ട്. വേതന കുടിശ്ശികയുള്ള തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച വിവരം മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (MIS) ലഭ്യമല്ല. എന്നാൽ 1892822 തൊഴിൽ ദിനങ്ങളുടെ വേതനമായ 3407.08 ലക്ഷം രൂപ, 2013-14 സാമ്പത്തിക വർഷം, വേതനകുടിശ്ശികയുണ്ട്. പ്രസ്തുത വേതന കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| ഇ) | നാളിതുവരെ തൊഴിലുറപ്പ് ജോലിക്കിടെ പല കാരണങ്ങളാൽ മരണപ്പെട്ട വർ എത്ര; മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ ധനസഹായം നൽകി; വ്യക്തമാക്കുമോ; | ഇ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| എഫ്) | തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദമാക്കുമോ? | എഫ്) | തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസം പണിയെടുക്കുന്ന തൊഴിലാളികൾക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ഇതനുസരിച്ച് 2013-14 സാമ്പത്തിക വർഷം 1028285 കുടുംബങ്ങൾ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | മരണപ്പെട്ടവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 22 |
| കൊല്ലം | 23 |
| പത്തനംതിട്ട | 4 |
| ആലപ്പുഴ | 31 |
| കോട്ടയം | 11 |
| ഇടുക്കി | 19 |
| എറണാകുളം | 5 |
| തൃശ്ശൂർ | 23 |
| പാലക്കാട് | 32 |
| മലപ്പുറം | 9 |
| കോഴിക്കോട് | 5 |
| വയനാട് | 7 |
| കണ്ണൂർ | 7 |
| കാസർഗോഡ് | 3 |
| ആകെ | 201 |

മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 25,000/- രൂപ വീതം എക്സ്ഗ്രേഷ്യയായി നൽകിയിട്ടുണ്ട്.